# കേരള സർവകലാശാല

നം. പി.ആർ.046/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡി.സി.എ, സി.സി.എ പ്രവേശനം

കേരള സർവകലാശാലയുടെ തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ പിരപ്പൻകോട് യു. ഐ. ടി. യൂണിറ്റിൽ ആറു മാസം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സിനും മൂന്നു മാസം ദൈർഘ്യമുള്ള കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് കോഴ്സിനും അപേക്ഷ ക്ഷണിച്ചു. അടിസ്ഥാന യോഗ്യത പ്ലസ്ടു. പ്രായപരിധിയില്ല. അപേക്ഷാഫോം 100 രൂപയ്ക്ക് യു. ഐ. ടി. ഓഫീസിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തിയതി മാർച്ച് 22. കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0472 2583864, 9447182983

### സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി & ഇൻഫർമേഷൻ സയൻസ് : അപേക്ഷ ക്ഷണിച്ചു.

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം കൊല്ലം ടി. കെ. എം. ആർട്സ് ആന്റ് സയൻസ് കോളേജിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി & ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു.യോഗ്യത പ്ലസ്ടു. ഫീസ് 7500 രൂപ. കാലാവധി ആറ് മാസം. ക്ലാസ്സുകൾ ശനി, ഞായർ ദിവസങ്ങളിൽ. താൽപര്യമുള്ളവർ അപേക്ഷാഫോം കോളേജ് ഓഫീസിൽ നിന്നും വാങ്ങി യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം കോളേജിൽ നൽകേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 15. ഫോൺ : 0474-2712240.

### ബി.കോം (ആന്വൽ സ്കീം) സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 ഡിസംബർ 29-ന് പ്രസിദ്ധീകരിച്ച ഒന്നും രണ്ടും വർഷ ബി.കോം (ആന്വൽ സ്കീം) പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി മാർച്ച് ഒമ്പത് വരെ നീട്ടി. പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ ലഭിക്കാത്ത ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് കരട് മാർക്ക്ലിസ്റ്റ് (www.de.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും.

### ബി.എസ്സി കമ്പ്യൂട്ടർ സയൻസ് ഫലം

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (റീ സ്ട്രക്ചേർഡ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ ടൈംടേബിൾ

ഏപ്രിൽ മൂന്നിന് ആരംഭിക്കുന്ന അവസാന വർഷ ബി.എ. (ആന്വൽ സ്കീം) /ബി.എ. അഫ്സൽ ഉൽ-ഉലമ പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ(ആന്വൽ സ്കീം) പുന:പരിശോധന തീയതി നീട്ടി.

കേരള സർവകലാശാല 2016 ഏപ്രിലിൽ നടത്തിയ ഒന്നാം വർഷ ബി.എ (ആന്വൽ സ്കീം) പരീക്ഷയുടെ പുന:പരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി മാർച്ച് പത്ത് വരെ നീട്ടി.

## ബി.പി.എ ഡാൻസ് പ്രാക്ടിക്കൽ

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.പി.എ ഡാൻസ് (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് എട്ട് മുതൽ ഒമ്പത് വരെ ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ട്രാവൻകൂർ എഞ്ചിനീയറിംഗ് കോളേജ്: കോളേജ് മാറ്റം

ട്രാവൻകൂർ എഞ്ചിനീയറിംഗ് കോളേജിൽ ക്ലാസുകൾ നടക്കുന്നില്ലായെന്ന വിദ്യാർത്ഥികളുടെ പരാതി കണക്കിലെടുത്ത് അവിടുത്തെ ആറും എട്ടും സെമസ്റ്റർ വിദ്യാർത്ഥികളെ സമീപ പ്രദേശങ്ങളിലെ അവരാവശ്യപ്പെടുന്ന സ്വാശ്രയ കോളേജിലെ ഒഴിവുള്ള സീറ്റുകളിലേക്ക് മാറ്റുന്നതിനായി സർവകലാശാല തീരുമാനിച്ചു. അതിനാൽ വിദ്യാർത്ഥികൾ മാറ്റം ആവശ്യപ്പെടുന്ന കോളേജിലെ പ്രിൻസിപ്പലിന്റെ ശുപാർശയോടെ മാർച്ച് എട്ടിന് മുമ്പായി സർവകലാശാലയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## പ്രൈവറ്റ് രജിസ്ട്രേഷൻ തീയതി നീട്ടി.

കേരള സർവകലാശാല 2016-2018 വർഷത്തേക്കുള്ള എം.എ/എം.കോം വാർഷിക കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷനു വേണ്ടിയുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ( രജിസ്ട്രേഷൻ ഫീസിന് പുറമേ 1000/- രൂപ പിഴയോട് കൂടി) മാർച്ച് എട്ട് വരെ നീട്ടി.

## ബി.ടെക് പരീക്ഷ തീയതി മാറ്റം

കേരള സർവകലാശാല മാർച്ച് 17-ന് നടത്തേണ്ട കമ്പയിൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് (2013 സ്കീം) പരീക്ഷയുടെ ഫണ്ടമെന്റൽസ് ഓഫ് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് (E) എന്ന പേപ്പർ മാർച്ച് 22-ലേക്ക് മാറ്റി. സമയം രാവിലെ 9.30 മുതൽ 12.30 വരെ.

## ബി.ടെക് (2008 സ്കീം) ടൈംടേബിൾ

**കേരള സർവകലാശാല മാർച്ച്/ഏപ്രിലിൽ നടത്തുന്ന കമ്പയിൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.**

**തിരുവനന്തപുരം.** **പബ്ലിക് റിലേഷൻസ് ഓഫീസർ**
**02.03.2017**

**അംഗീകാരത്തോടെ,**

**സെക്ഷൻ ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**